Proceedings

of

THE TRAVANCORE LEGISLATIVE ASSEMBLY.

FIRST ASSEMBLY.

THIRD SESSION—SECOND MEETING.

VOL. III—NO. 8.

OFFICIAL REPORT.

Tuesday the 15th February 1949/4th Kumbhom 1124.

The Travancore Legislative Assembly met again in the Legislative Chamber Public Offices, Trivandrum, on Tuesday the 15th February 1949/4th Kumbhom 1124 at 11 of the Clock with the President, (the Hon'ble Mr. R. V. Thomas), in the Chair.

QUESTIONS AND ANSWERS.

കുളത്തൂപ്പുഴ പബ്ലിക്ക് മാർക്കറ്റ്.

*221. MR. P. K. KRISHNAN SASTRI (*Meenachil I—Pulaya Reserved*) താഴെ പറയുന്ന ചോദ്യങ്ങൾക്ക് പബ്ലിക്ക് മാർക്കറ്റുകളുടെ ചാർജ്ജു വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

(എ) പൊതുജനങ്ങൾക്ക് ഏറ്റവും സൗകര്യപ്രദമായ നിലയിൽ ഏറിയകാലമായി കുളത്തൂപ്പുഴ ജംഗ്ഷനിൽ നടത്തിവരുന്ന പബ്ലിക്ക് മാർക്കറ്റ് അവിടെനിന്നും രണ്ടുമൈൽ അകലമുള്ള ചന്ദനക്കാവ് എന്ന സ്ഥലത്തേക്ക് മാറുവാനുള്ള പ്രത്യേകകാരണങ്ങൾ എന്തെന്നു ദയവായി പറയുമോ ?

(ബി) ചന്ത പൂർവ്വസ്ഥാനത്തേക്ക് മാറികിട്ടുന്നതിനുവേണ്ടി പൊതുജനങ്ങളിൽനിന്നും ഗവണ്മെൻറിനു നിവേദനം ലഭിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു എന്നു പറയുമോ ?

(സി) പബ്ലിക്ക് മാർക്കറ്റ് ഇപ്പോൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലം പൊതുവേ ഒരു മാർക്കറ്റിനു അനുയോജ്യമല്ലെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ ?

HON'BLE MR. V. O. MARKOS :

(എ) കുളത്തൂപ്പുഴ ജംഗ്ഷനിൽ ഒരു പബ്ലിക്ക് മാർക്കറ്റ് ഉണ്ടായിരുന്നില്ല. അവിടെനിന്നും ചന്ദനക്കാവ് എന്ന സ്ഥലത്തേക്ക് പബ്ലിക്ക് മാർക്കറ്റ് മാറിയിട്ടുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. V. O. Markos]

(ബി) അങ്ങനെയുള്ള നിവേദനങ്ങൾ ഒന്നും ഗവണ്മെൻറിന് ലഭിച്ചിട്ടില്ല.

സി. എ-യുടെയും ബി-യുടെയും ഉത്തരംകൊണ്ട് സി ഉത്ഭവിക്കുന്നില്ല.

വളം ഡിപ്പോ.

222. MR. T. T. KESAVAN SASTRI (*Kunnathunad I—Pulaya Reserved*): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വളം ഡിപ്പോവകുപ്പു മന്ത്രി സദയം മറുപടി പറയുമോ ?

(എ) കുന്നത്തുനാട്ടുതാലൂക്കിൽ ചേന്ദ കോതകുളങ്ങര പകുതിയിൽ ഒരു വളം ഡിപ്പോ സ്ഥാപിച്ചു സഹായിക്കാൻ പൊതുജനങ്ങൾ ചേന്ദ് അപേക്ഷിച്ചിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികൾ നടത്തിയെന്നും പറയാൻ മയവുണ്ടാകുമോ ?

HON'BLE MR. V. O. MARKOS :

(എ) കോതകുളങ്ങര പകുതിയിൽ ഒരു വളം ഡിപ്പോ സ്ഥാപിച്ചു പൊതുജനങ്ങളെ സഹായിക്കണമെന്ന അപേക്ഷയൊന്നും കിട്ടിയിട്ടില്ല.

(ബി) ഏയുടെ ഉത്തരത്തിൽനിന്ന് ബി ഉത്ഭവിക്കുന്നില്ല.

MR. T. T. KESAVAN SASTRI : ടി സ്ഥലത്തു വച്ചുകൂടിയ ഒരു സമ്മേളനത്തിൽ പാസാക്കിയ പ്രമേയങ്ങളിൽ അച്ചടിച്ചിട്ടുള്ളതിന്റെ പ്രതി ഏതെങ്കിലും ഗവണ്മെൻറിന് കിട്ടിയിട്ടുണ്ടോ ?

HON'BLE MR. V. O. MARKOS : അതേപ്പറ്റി അന്വേഷിച്ചു പറയാൻ നിവൃത്തിയുള്ളൂ. മൂക്കന്നൂർ കരയിൽ കെ. വി. പൗലോസ് ആൻഡ് സൺസിന് ഒരു വളം ഡിപ്പോ ഏജൻസി അനുവദിച്ചുകൊടുത്തിട്ടുണ്ട്.

MR. T. T. KESAVAN SASTRI : അവർ ഇപ്പോൾ വളം വിതരണം ചെയ്യുന്നുണ്ടോ എന്നറിയാമോ ?

HON'BLE MR. V. O. MARKOS : അവർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്നു നിശ്ചയമില്ല. എന്തായാലും വളം ഡിപ്പോ തുടങ്ങുന്നതിന് അനുവാദം കൊടുത്തിട്ടുണ്ട്.

ഉപ്പുവ്യവസായം.

*223. MR. KRISHNAN AIYAPPAN (*Shertallai III—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എക്സൈസു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly